WEDNESDAY 17-08-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/08/2022.

1. സംസ്ഥാന കർഷക ദിനാഘോഷത്തിന്റെയും കൃഷിമന്ത്രി കർഷകരെ നേരിട്ട് കാണാൻ ബ്ലോക്ക് തലം കേന്ദ്രീകരിച്ച് കൃഷിഭൂമിയിൽ എത്തുന്ന **കൃഷിദർശൻ** പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും കർഷക അവാർഡ് വിതരണത്തിന്റെയും ഒരു ലക്ഷം കാർഷിക പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും ഇന്ന് (ആഗസ്റ്റ് 17-ന്) ഉച്ചയ്ക്ക് 2 മണിയ്ക്ക് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ചടങ്ങിന് അദ്ധ്യക്ഷത വഹിക്കും.

2. ആഫ്രിക്കൻ സ്വൈൻ ഫീവർ പടർന്നു പിടിച്ച സാഹചര്യത്തിൽ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ പന്നികളെയും അവയുടെ ഉത്പ്പന്നങ്ങളെയും കൊണ്ടുപോകുന്നത് 14**/08/2022 മുതൽ 30 ദിവസത്തേക്ക്** ദീർഘിപ്പിച്ചതായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

3. കർഷകദിനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും കർഷക ദിന ഉദ്ഘാടനവും കർഷകരെ ആദരിക്കൽ ചടങ്ങും സംഘടിപ്പിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ കരകുളം കൃഷിഭവനിൽ കർഷകദിനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 9.00-മണിക്ക് കരകുളം സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ കൂടുന്ന യോഗത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കരകുളം പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മികച്ച കർഷകരെ പൊന്നാടയണിയിച്ച് ആദരിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ വെമ്പായം കൃഷിഭവനിൽ കർഷകദിനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 9.00-മണിക്ക് വെമ്പായം ഗ്രാമപഞ്ചായത്ത് ഹാളിൽ കൂടുന്ന യോഗത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ നിർവഹിക്കും.

കൊല്ലം ജില്ലയിലെ എഴുകോൺ കൃഷിഭവനിൽ കർഷകദിനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10.00-മണിക്ക് എഴുകോൺ ഗ്രാമപഞ്ചായത്ത് ആഡിറ്റോറിയത്തിൽ കൂടുന്ന യോഗത്തിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കൃഷിവകുപ്പ് മന്ത്രിയുടെ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷിദർശൻ പരിപാടിയുടെ വിളംബര ഘോഷയാത്രയും മൺ മറഞ്ഞ കാർഷിക സംസ്കാരത്തെ ഓർമ്മിപ്പിക്കുന്ന ഇല്ലം നിറ വല്ലം നിറയും സംഘടിപ്പിക്കപ്പെടുന്നു.

തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് കൃഷിഭവനിൽ കർഷകദിനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10.30-ന് കൃഷിഭവൻ അങ്കണത്തിൽ ഡെപ്യൂട്ടി മേയർ പി.കെ രാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന ചടങ്ങിൽ എം.എൽ.എ അഡ്വ. വി.കെ. പ്രശാന്ത് നിർവഹിക്കും. ഇതിനോടനുബന്ധിച്ച് **കാർഷിക വിളയിൽ മണ്ണു പരിശോധനയുടെ പ്രാധാന്യം** എന്ന വിഷയത്തിൽ കർഷക സെമിനാറും മണ്ണു പരിശോധന ക്യാമ്പയിനും സംഘടിപ്പിച്ചിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര കൃഷിഭവനിൽ കർഷകദിനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10.00-മണിക്ക് അരുവിക്കര ഗ്രാമപഞ്ചായത്ത് അങ്കണത്തിൽ വച്ച് അരുവിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കളത്തറ മധു ഉദ്ഘാടനം നിർവഹിക്കും.

തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് കൃഷിഭവനിൽ കർഷകദിനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10.00-മണിക്ക് ശ്രീരാമകൃഷ്ണപുരം റസിഡന്റ്സ് അസോസിയേഷൻ ഹാളിൽ കുടുന്ന യോഗത്തിൽ അഡ്വ. വി.കെ പ്രശാന്ത് എം.എൽ.എ അദ്ധ്യക്ഷത വഹിക്കും.

പനവൂർ കൃഷിഭവനിൽ കർഷകദിനത്തിന്റെ ഉദ്ഘാടനം ഇന്ന് പകൽ 12.00-മണിക്ക് പനവൂർ പഞ്ചായത്ത് മിനിഹാളിൽ കുടുന്ന യോഗത്തിൽ വാമനപുരം എം.എൽ.എ അഡ്വ. ഡി. കെ. മുരളി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കാർഷിക പ്രദർശനവും കാർഷിക സെമിനാറും സംഘടിപ്പിക്കുന്നു.

കോട്ടയം ജില്ലയിലെ അയ്മനം കൃഷിഭവനിൽ കർഷകദിനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് ഐക്കരച്ചിറ സെന്റ് ജോർജ് ചർച്ച് പാരിഷ് ഹാളിൽ കൂടുന്ന യോഗത്തിൽ വച്ച് സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കാർഷിക സെമിനാർ, ഭാരതീയ പ്രകൃതി കൃഷി പദ്ധതി- FIG കളുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന ജൈവവളം/കീടനാശിനികൾ എന്നിവയുടെ സൗജന്യ വിതരണവും ഉണ്ടായിരിക്കുന്നതാണ്.

4. റബ്ബറിന്റെ ഇ-വിപണനസംവിധാനമായ 'എംറൂബി' ('mRube') യെ സംബന്ധിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് നാളെ (ആഗസ്റ്റ് 18) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രമോഷൻ

ഡിവിഷനിലെ അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ (ഇ-ട്രേഡ്) മറുപടി പറയും. 0481 2576622 എന്നതാണ് കോൾ സെന്റർ നമ്പർ.

5. ആലപ്പുഴ ജില്ലയിലെ ചേർത്തല സൗത്ത് കൃഷിഭവനിൽ **ഞങ്ങളും കൃഷിയിലേക്ക്** പദ്ധതിയുടെ ഭാഗമായി പയർ, വെണ്ട, മുളക്, വഴുതന തുടങ്ങിയവയുടെ പച്ചക്കറി തൈകൾ കൃഷിഭവനിൽ വിതരണത്തിന് എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കൃഷിഭവനിൽ വന്ന് കൈപ്പറ്റണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

6. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 20-ന് (ആഗസ്റ്റ് 20) **കൂൺ സംസ്കരണം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **8157877977** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് 22 മുതൽ 27 വരെയുള്ള തീയതികളിൽ **"ശാസ്ത്രീയമായ പശു പരിപാലനം"** എന്ന വിഷയത്തിൽ 6 ദിവസത്തെ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ആഗസ്റ്റ് 20-ന് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ **0471 – 2440911** എന്ന ഫോൺ നമ്പറിലോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2440911** എന്ന ഫോൺ നമ്പറിലോ ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ, തിരുവനന്തപുരം- 695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്ന ഇ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

8. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 19-ന് (ആഗസ്റ്റ് 19) രാവിലെ 10 മണി മുതൽ 4 മണി വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ

ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- ചേനയിലെ **കടചീയൽ രോഗം** വ്യാപകമായി കണ്ടു വരുന്നു. രോഗ ബാധയുള്ള സ്ഥലങ്ങളിൽ ഇടയിളക്കലിനു ശേഷം കുമിൾനാശിനിയായ (MACOZEB + CARBENDAZIM) സാഫ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിച്ച് കൊടുക്കാവുന്നതാണ്.
- വെറ്റിലക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കൊടി താഴ്ത്തി കെട്ടുന്നതിനുള്ള സമയമാണ് ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങൾ. സാധരണ ഗതിയിൽ വെറ്റിലക്കൊടി ഒരു വർഷം കൊണ്ട് 3 മീറ്ററോളം വളർച്ച എത്തിയിരിക്കും. പിന്നീട് കൊടിയുടെ വലുപ്പവും പുഷ്ടിയും കുറയുന്നതായി കാണാം. അത്കൊണ്ട് തന്നെ വെറ്റിലക്കൊടിയ്ക്ക് ഉണർവ്വ് കൊടുക്കുന്നതിനായി വർഷത്തിലൊരിക്കലെങ്കിലും കൊടികളെ താഴ്ത്തി തറനിരപ്പിൽ എത്തിക്കണം.